	ഇനം	ബഡ്ജറ്റ് 2002-03	കണക്ക് 2002-03
1.	പ്ലാനിൽപ്പെടാത്ത ഗ്രാന്റുകൾ	86.45	195.19
2.	സംസ്ഥാന-കേന്ദ്രഭരണ പ്രദേശ പ്ലാൻ പദ്ധതി	501.35	477.74
3.	കേന്ദ്ര പ്ലാൻ പദ്ധതികൾക്കുള്ള ഗ്രാന്റുകൾ	..	16.67
4.	കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഗ്രാന്റുകൾ	474.28	243.86
5.	പ്രത്യേക പദ്ധതി സ്കീമുകൾക്കുള്ള ഗ്രാന്റുകൾ	80.97	4.91
	ആകെ	1143.05	938.37

നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടി

19 [1026] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

„ മഞ്ഞളാംകുഴി അലി:

„ മത്തായി ചാക്കോ:

„ ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 2003-2004 വർഷത്തിലെ നികുതിയേതര വരുമാനം ഏതൊക്കെ മേഖലകളിൽ നിന്നാണ് ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) നികുതിയേതര വരുമാന വർദ്ധനവിനായി സർക്കാർ കൈക്കൊണ്ട നടപടികളുടെയും പുറപ്പെടുവിച്ച ഉത്തരവുകളുടെയും വിശദാംശങ്ങൾ ഡിപ്പാർട്ട്മെന്റ് തിരിച്ച് വെളിപ്പെടുത്താമോ;

(ഡി) ജനങ്ങൾക്ക് സൗജന്യമായി ലഭിച്ചിരുന്ന ഏതൊക്കെ സേവനങ്ങൾക്കാണ് പുതിയ ചാർജ് ഏർപ്പെടുത്തിയതെന്നും ഏതൊക്കെ ചാർജ് വർദ്ധിപ്പിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly